തളിപ്പറമ്പ ഏരിയയിലെ 221 ബ്രാഞ്ച് സമ്മേളനങ്ങൾ പൂർത്തിയായി; 14ന് ആദ്യ ലോക്കൽ സമ്മേളനം

പി.ജയരാജനും കോടിയേരിക്കുമെതിരെ വിമർശനമില്ല; പിണറായി ഉൾപ്പെടെയുള്ളവർക്കെതിരെ രൂക്ഷവിമർശനം

തളിപ്പറമ്പ: ഏരിയ കമ്മിറ്റിക്ക് കീഴിലെ 221 ബ്രാഞ്ച് സമ്മേളനങ്ങളും പൂർത്തിയാക്കി ലോക്കൽ സമ്മേളനത്തിലേക്ക് കടക്കുന്നു. 221 ബ്രാഞ്ച് സമ്മേളനങ്ങളും ഇന്നലെ കൊണ്ട് പൂർത്തിയാക്കി. ഒരു സ്ഥലത്ത് പോലും തിരഞ്ഞെടുപ്പ് നടത്തേണ്ടി വന്നിട്ടില്ല. ഐക്യകണ്ഠേനയാണ് എല്ലാ ബ്രാഞ്ച് സെക്രട്ടറിമാരെയും തിരഞ്ഞെടുത്തത്. മിക്ക സ്ഥലത്തും 40 വയസിന് താഴെയുള്ളവരെയാണ് സെക്രട്ടറിയായി തിരഞ്ഞെടുത്തത്. എന്നാൽ വനിത ബ്രാഞ്ച് സെക്രട്ടറിമാരെ കണ്ടെത്താൻ പാർട്ടി നേതൃത്വത്തിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. രാവിലെ മുതൽ രാത്രി വരെയാണ് സമ്മേളനങ്ങൾ നടന്നത്. 9 മണിക്കൂറിലേറെ ചർച്ച നടന്ന ബ്രാഞ്ച് സമ്മേളനങ്ങൾ പോലും ഉണ്ടായിട്ടുണ്ട്. സംസ്ഥാന ഭരണത്തെയും ലോക്കൽ-ഏരിയ-സംസ്ഥാന നേതൃത്വത്തിനെതിരെ രൂക്ഷവിമർശനമാണ് പല ബ്രാഞ്ച് സമ്മേളനങ്ങളിലും ഉയർന്നത്. കാര്യമായ ഒരു വ്യത്യാസം വന്നത് ഒരു ബ്രാഞ്ച് സമ്മേളനത്തിലും ജില്ലാ സെക്രട്ടറി പി.ജയരാജനെതിരെ വിമർശനം ഉയർന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ജില്ലാ സെക്രട്ടറിക്കെതിരെ ബ്രാഞ്ച് സമ്മേളനങ്ങളിൽ കടുത്ത വിമർശനം ഉയരാറുണ്ടായിരുന്നു. എന്നാൽ ഇത്തവണ പി.ജയരാജനെതിരെ ആരും വിമർശനം ഉയർത്തിയിരുന്നില്ലെന്ന് മാത്രമല്ല അദേഹത്തിന്റെ നേതൃപാടവത്തെ ആവോളം പുകഴ്ത്താനും അംഗങ്ങൾ തയ്യാറായി. എന്നാൽ മുഖ്യമന്ത്രി പിണറായി വിജയനും മറ്റ് മന്ത്രിമാർക്കുമെതിരെ അതിരൂക്ഷ വിമർശനമാണ് പല ബ്രാഞ്ച് സമ്മേളനങ്ങളിലും ഉയർന്നത്. അഭിഭാഷക ബ്രാഞ്ച് സമ്മേളനത്തിൽ പിണറായിക്കെതിരെ ചില അംഗങ്ങൾ ആഞ്ഞടിക്കുകയായിരുന്നു. ഇ.പി. ജയരാജൻ, പി.കെ.ശ്രീമതി ടീച്ചർ എന്നിവരെയും പല അംഗങ്ങളും രൂക്ഷമായാണ് വിമർശിച്ചത്. തളിപ്പറമ്പ് നോർത്ത് ലോക്കൽ നേതൃത്വത്തിനെതിരെ പല ബ്രാഞ്ച് സമ്മേളനങ്ങളിലും അംഗങ്ങൾ പൊട്ടിത്തെറിക്കുകയായിരുന്നു. കീഴാറ്റൂർ, മാന്ധംകുണ്ട് ബ്രാഞ്ച് സമ്മേളനങ്ങളിൽ സെക്രട്ടറിയെ വ്യക്തിപരമായി അക്രമിക്കാൻ അംഗങ്ങൾ മടി കാണിച്ചില്ല.

വയൽക്കിളികൾ സമരത്തിലുള്ള കീഴാറ്റൂരിലെ മൂന്ന് ബ്രാഞ്ചുകളിലും പറയത്തക്ക പ്രശ്നങ്ങൾ ഇല്ലാതെയാണ് സമ്മേളന നടപടികൾ പൂർത്തിയാക്കിയത്. മൂന്ന് ബ്രാഞ്ചിലും ലോക്കൽ നേതൃത്വം നിർദ്ദേശിച്ചവർ തന്നെയാണ് സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ടത്.

ആദ്യ ലോക്കൽ സമ്മേളനം 14ന് കുറ്റ്യേരിയിൽ ജില്ലാ സെക്രട്ടറി പി.ജയരാജൻ ഉദ്ഘാടനം ചെയ്യും. നവംബർ 14ന് 13 ലോക്കൽ സമ്മേളനങ്ങളും പൂർത്തിയാക്കി ഏരിയ സമ്മേളനത്തിലേക്ക് കടക്കും. പട്ടുവത്താണ് അവസാനത്തെ ലോക്കൽ സമ്മേളനം നടക്കുന്നത്. കുറ്റ്യേരിയിലാണ് ഇത്തവണ ഏരിയ സമ്മേളനം നടക്കുന്നത്. ജയരാജനെ കൂടാതെ ജയിംസ് മാത്യു എം.എൽ.എ, എം.പ്രകാശൻ മാസ്റ്റർ തുടങ്ങിയ പ്രമുഖർ സമ്മേളനത്തിന് എത്തുന്നുണ്ട്.

സ്ഥലം കൈമാറി; തളിപ്പറമ്പിൽ നിർമ്മിക്കുന്നത് ആധുനിക സബ് ജയിൽ

സബ് ജയിലിനായി കാഞ്ഞിരങ്ങാട് ആർ. ടി.ഒ. ടെസ്റ്റ് ഗ്രൗണ്ടിന് പിന്നിലായി കണ്ടെത്തിയ സ്ഥലം ജയിൽ അധികൃതരും താലൂക്ക് സർവേയർമാരും സന്ദർശിക്കുന്നു.

തളിപ്പറമ്പ: തളിപ്പറമ്പ -ആലക്കോട് സംസ്ഥാനപാതയിൽ കാഞ്ഞിരങ്ങാട് കുമ്മായച്ചൂള ആർ.ടി.ഒ ടെസ്റ്റ് ഗ്രൗണ്ടിന് പിന്നിലായി സബ് ജയിലിനായി കണ്ടെത്തിയ 88.72 ഏക്കർ സ്ഥലം ജയിൽ അധികൃതരും താലൂക്ക് സർവ്വേ വിഭാഗവും സന്ദർശിച്ചു. കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് എൻ. എസ്. നിർമ്മലാനന്ദൻ, സ്പെഷ്യൽ ഓഫീസർ ടി.കെ. ജനാർദനൻ, നോഡൽ ഓഫീസർ പി.ടി. സന്തോഷ്, സബ് ജയിൽ സൂപ്രണ്ട് കെ.വി. രവീന്ദ്രൻ, വില്ലേജ് ഓഫീസ് ഫീൽഡ് അസിസ്റ്റന്റ് എ.കെ. രജിത്ത്, താലൂക്ക് സർവേയർ സി.എൻ. സുരേഷ്, ചെയർമാൻ സി.കെ. ഷാജി എന്നിവരടങ്ങിയ സംഘമാണ് പദ്ധതി പ്രദേശം സന്ദർശിച്ചത്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി ജയിൽ വകുപ്പിന് കൈമാറും. സംസ്ഥാനത്തെ ഏറ്റവും ആധുനീക ജയിലാണ് ഇവിടെ നിർമ്മിക്കുന്നത്. 300 തടവുകാരെ പാർപ്പിക്കാൻ ആവശ്യമായ ഇരുനില കെട്ടിടം പണിയും. എല്ലാ മുറിയിലും ഫാനും ടോയ്‌ലെറ്റ് സംവിധാനവും ഉണ്ടായിരിക്കും. ഭക്ഷണം കഴിക്കാൻ പ്രത്യേക ഡൈനിംഗ് ഹാളും ജയിലിനകത്ത് പണിയുന്നുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം സബ് ജയിലിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കലിന്റെ അവസാന ഘട്ടത്തിലാണെന്ന് സ്പെഷ്യൽ ഓഫീസർ ടി.കെ. ജനാർദനൻ പറഞ്ഞു.

• വിദഗ്ധ സംഘം 12ന് തളിപ്പറമ്പിലെത്തും
• വയൽക്കിളികളും വീട് പോകുന്നതിന് എതിര്

കീഴാറ്റൂർ ബൈപ്പാസ്; വീടുകൾ നഷ്ടപ്പെടുന്നതിനെ സി.പി.എം എതിർക്കും

തളിപ്പറമ്പ: കീഴാറ്റൂർ ബൈപ്പാസ് നിർമ്മാണത്തിന് ഏത് ഭാഗത്തെയും വീട് ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുക്കുന്നതിനെ എതിർക്കാൻ സി.പി.എം തീരുമാനം. ഇതുസംബന്ധിച്ച് സി.പി.എം ജില്ലാ കമ്മിറ്റിയെടുത്ത തീരുമാനം തളിപ്പറമ്പ ഏരിയ കമ്മിറ്റിയെയും നോർത്ത്-സൗത്ത് ലോക്കൽ കമ്മിറ്റികളെയും അറിയിച്ചു. ഇന്നലെ നടന്ന കീഴാറ്റൂർ സെൻട്രൽ, അഭിഭാഷക ബ്രാഞ്ച് സമ്മേളനങ്ങളിലും പാർട്ടി തീരുമാനം ജില്ലാ-ഏരിയാ നേതാക്കൾ വിശദീകരിച്ചു. വീടുകൾ ഒഴിവാക്കി ബൈപ്പാസ് നിർമ്മിക്കണമെന്ന തീരുമാനത്തിൽ ഒരു മാറ്റവും വരുത്തേണ്ടതില്ല. വയൽ പൂർണ്ണമായും നികത്താതെ ചെറിയ മാറ്റം എന്തെങ്കിലും നടത്താൻ കഴിയുമോ എന്ന് പരിശോധിക്കും. വയൽ ഒഴിവാക്കുമെന്ന് മന്ത്രി പറഞ്ഞിട്ടില്ല. വയൽ പരമാവധി സംരക്ഷിക്കണമെന്നാണ് സർക്കാരിന്റെ നയമെന്നാണ് മന്ത്രി പറഞ്ഞത്. ഈ നയം പിന്തുടരുമ്പോൾ തന്നെ പല സ്ഥലത്തും വയൽ നികത്തി റോഡ് പണിതിട്ടുണ്ട്, അതുകൊണ്ട് ഇവിടെയും വയലിലൂടെ തന്നെ ബൈപ്പാസ് നിർമ്മിക്കാം. പടിഞ്ഞാറോട്ടോ കിഴക്കോട്ടോ മാറിയാൽ നിരവധി വീടുകൾ പൊളിക്കേണ്ടി വരും. കീഴാറ്റൂർ മാത്രമല്ല മാന്ധംകുണ്ട്, പ്ലാത്തോട്ടം എന്നിവിടങ്ങളിലും വീടുകൾ പോകും. അതുകൊണ്ട് പഴയ നിലപാടിൽ മാറ്റം വരുത്തേണ്ടതില്ലെന്നാണ് പാർട്ടി ജില്ലാ കമ്മിറ്റി തീരുമാനിച്ചത്. ഇത് 12ന് എത്തുന്ന വിദഗ്ധ സംഘത്തിന് മുമ്പാകെ പി. ജയരാജൻ തന്നെ അവതരിപ്പിക്കാനാണ് ജില്ലാ കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്.

അതേസമയം വയൽക്കിളികളും വീടുകൾ നഷ്ടപ്പെടുന്നതിനെതിരെ സമര രംഗത്ത് വരാൻ തീരുമാനിച്ചിട്ടുണ്ട്. വയൽ ഒഴിവാക്കുമ്പോൾ ഏത് ഭാഗത്തായാലും നിരവധി വീടുകൾ നഷ്ടപ്പെടുന്നതിനോട് യോജിക്കുന്നില്ലെന്ന് സുരേഷ് കീഴാറ്റൂർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ന് ഡി.വൈ.എഫ്.ഐ പൊതുയോഗം

വയൽക്കിളികൾ പൊതുയോഗം നടത്തിയതിന് സമീപം കീഴാറ്റൂർ തിട്ടയിൽ പാലത്തിന് സമീപം ഇന്ന് വൈകീട്ട് ആറിന് ഡി.വൈ.എഫ്.ഐ പൊതുയോഗം സംഘടിപ്പിക്കും. ഡി.വൈ.എഫ്.ഐ ബ്ലോക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചെഗുവേരയുടെ 50-ാം രക്തസാക്ഷിത്വ വാർഷികദിനാചരണത്തിന്റെ ഭാഗമായി സാമ്രാജ്യത്വ വിരുദ്ധ സംഗമവും അനുസ്മരണ പ്രഭാഷണവുമാണ് നടക്കുന്നത്. കഴിഞ്ഞ ദിവസം കീഴാറ്റൂരിൽ വയൽക്കിളികൾ പൊതുയോഗം സംഘടിപ്പിച്ച് ഡി.വൈ.എഫ്.ഐ-സി.പി.എം പ്രാദേശിക നേതാക്കൾക്കെതിരെ പ്രസംഗിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഡി.വൈ.എഫ്.ഐ പൊതുയോഗം. എം.അനിൽകുമാറാണ് മുഖ്യപ്രഭാഷണം നടത്തുന്നത്. സി.പി.എം ഏരിയ നേതാക്കളും പങ്കെടുക്കുന്നുണ്ട്. വയൽക്കിളികളോടൊപ്പം സജീവമായി പ്രവർത്തിക്കുന്നവരും പരിപാടിയുടെ പ്രചരണത്തിന് ഇറങ്ങിയിരുന്നു.

മാഹി മദ്യവുമായി തളിപ്പറമ്പിൽ പിടിയിലായ പ്രകാശ് പത്തി

മാഹിമദ്യവുമായി ഒറീസ സ്വദേശി പിടിയിൽ

തളിപ്പറമ്പ: മൂന്ന് ലിറ്റർ മാഹി മദ്യവുമായി ഒറീസ സ്വദേശി പിടിയിൽ. തളിപ്പറമ്പ ടൗൺ സ്കൂയറിലും പരിസരങ്ങളിലും മദ്യവിൽപ്പന നടത്തുന്ന പ്രകാശ് പത്തി യെയാണ് ടൗണിൽ നിന്നും മൂന്ന് ലിറ്റർ മദ്യവുമായി തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം പിടികൂടിയത്. പ്രിവന്റീവ് ഓഫീസർമാരായ കെ.പി. മധുസൂദനൻ, പി.ആർ. സജീവ്, സി.ഇ.ഒമാരായ കെ. രാജേഷ്, പി.വി. ഷിജു, ഡ്രൈവർ കെ.വി. പുരുഷോത്തമൻ എന്നിവരടങ്ങിയ സംഘമാണ് പിടികൂടിയത്.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2770
പവന് : 22160
പവിത്രാ ജ്വലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

തളിപ്പറമ്പ ദേശീയപാതയോരത്ത് നിർത്തിയിട്ട ബൈക്ക്.

ദേശീയപാതയോരത്ത് ബൈക്ക് ഉപേക്ഷിച്ച നിലയിൽ

തളിപ്പറമ്പ: ദേശീയപാതയിൽ ഒരാഴ്ചയായി മോട്ടോർ ബൈക്ക് നിർത്തിയിട്ട നിലയിൽ. ഇന്ത്യൻ കോഫിഹൗസിന് മുന്നിലായിട്ടാണ് കെ.എൽ. 13 പി. 5173 ഹീറോ ഹോണ്ട ബൈക്ക് നിർത്തിയിട്ട നിലയിൽ കാണുന്നത്. തളിപ്പറമ്പ പോലീസ് സ്ഥലത്തെത്തി ബൈക്ക് സ്റ്റേഷനിലേക്ക് മാറ്റി. മോഷ്ടിച്ചു കൊണ്ടു വരുമ്പോൾ പെട്രോൾ തീർന്നതിനാൽ ഉപേക്ഷിച്ചതാണെന്ന് കരുതുന്നതായി പോലീസ് പറഞ്ഞു.

ആലക്കോട്-ചെറുപുഴ റൂട്ടിൽ നാളെ സ്വകാര്യ ബസ് പണിമുടക്ക്

ആലക്കോട്: മലയോര ഹൈവേ പ്രവൃത്തി പൂർത്തീകരിക്കാത്തതിൽ പ്രതിഷേധിച്ച് ആലക്കോട്-ചെറുപുഴ റൂട്ടിൽ നാളെ സ്വകാര്യ ബസുകൾ സർവീസുകൾ നിർത്തിവെയ്ക്കും. തളിപ്പറമ്പ്, ഇരിട്ടി ഭാഗത്തുനിന്നുള്ള ബസുകൾ ചെറുപുഴയിലേക്ക് സർവീസ് നടത്താതെ ആലക്കോട് വരെ മാത്രമേ സർവീസ് നടത്തുകയുള്ളൂ. ചെറുപുഴയിൽ നിന്ന് ആലക്കോട്, പയ്യന്നൂർ ഭാഗത്തേയ്ക്കുള്ള സർവീസുകളും നിർത്തിവെയ്ക്കും. അരങ്ങം മുതൽ ചെറുപുഴ വരെയുള്ള മലയോര ഹൈവേയുടെ ഭാഗമായ 20 കിലോമീറ്ററോളം വരുന്ന റോഡ് വാഹന സർവീസ് നടത്താൻ കഴിയാത്ത സാഹചര്യമായതോടെയാണ് സ്വകാര്യ ബസ് സർവീസ് പണിമുടക്ക്. ചെറുപുഴ-പയ്യന്നൂർ റോഡിന്റെ ശോചനീയാവസ്ഥയിൽ പ്രതിഷേധിച്ചാണ് ഈ റൂട്ടിലും ബസുകൾ പണിമുടക്കുന്നത്. റോഡുകളുടെ തകർച്ച പരിഹരിക്കുന്നില്ലെങ്കിൽ അനിശ്ചിതകാല പണിമുടക്ക് നടത്താനാണ് ബസ് ഉടമകളുടെയും ജീവനക്കാരുടെയും തീരുമാനം.

ഫ്ളാറ്റ് വാഗ്ദാനം ചെയ്ത് 50 ലക്ഷം തട്ടിയതിന് അറസ്റ്റ്

കണ്ണൂർ: ഫ്ളാറ്റ് വാഗ്ദാനം ചെയ്ത് 50 ലക്ഷം രൂപ തട്ടിയതിന് യുവാവിനെ അറസ്റ്റ് ചെയ്തു. മുണ്ടയാട് സ്റ്റാൻലി ഹൗസിൽ സാവിയോ ക്ലമന്റ് (29)നെയാണ് ടൗൺ പോലീസ് അറസ്റ്റ് ചെയ്തത്.

ആയിക്കരയിൽ പണിയുന്ന ഫ്ളാറ്റ് വാഗ്ദാനം ചെയ്ത് കണ്ണൂരിലെ വ്യാപാര പ്രമുഖരിൽ നിന്ന് ഒരു കോടി രൂപയാണത്രെ സാവിയോ ക്ലമന്റ് വാങ്ങിയത്. എന്നാൽ ഫ്ളാറ്റ് നൽകിയില്ല. പണം തിരികെ ആവശ്യപ്പെട്ടപ്പോൾ 50 ലക്ഷം രൂപ മാത്രമാണ് നൽകിയത്. ഇതേ തുടർന്ന് വ്യാപാര പ്രമുഖൻ പരാതി നൽകുകയായിരുന്നു.

കൊച്ചിയിൽ നടന്ന വിവോ V7 പ്ലസിന്റെ മെഗാസ്റ്റാർ മമ്മൂട്ടി ഉദ്ഘാടനം ചെയ്ത, മെഗാ ലോഞ്ചിംഗിൽ വെച്ച് ബെസ്റ്റ് പെർഫോമിംഗ് പാർട്ണർ അവാർഡ് വിവോ സൗത്ത് ക്ലസ്റ്റർ ഹെഡ് ഷമീമിൽ നിന്നും മൊബൈൽ സിറ്റി ബിസിനസ് പാർട്ണർ ജമാൽ ഏറ്റുവാങ്ങുന്നു

ചരമം

ആന്റണി

ആലക്കോട്: കൊട്ടയാട് കുളാമ്പിയിലെ ആദ്യകാല കുടിയേറ്റ കർഷകൻ ഓലിക്കൽ ആന്റണി (96) നിര്യാതനായി. ഭാര്യ: മറിയാമ്മ. മക്കൾ: അച്ചാമ്മ, കുട്ടിയമ്മ, ഏലിയാമ്മ, ഗ്രേസി, അച്ചാമ്മ, ജോയി, മോളി, ബേബി, തങ്കച്ചൻ, പരേതനായ അപ്പച്ചൻ. മരുമക്കൾ: കേളൻ (മടക്കാട്), പാപ്പച്ചൻ (കുന്നത്തൂർപാടി), മാത്യു (ആശാൻകവല), ദേവസ്യ (ചെമ്പേരി), ജയിംസ് (പെരുമ്പടവ്), ഷീല (കൊല്ലം), ജോസഫ് (ചീക്കാട്), വൽസമ്മ (പഴയങ്ങാടി), മോളി (കുളാമ്പി).

ഫിലിപ്പ്

ആലക്കോട്: ഉദയഗിരി ശാന്തിപുരം ചേളാം കൊച്ചിയിലെ മുളയന്നൂർ ഫിലിപ്പ് (60) നിര്യാതനായി. ഭാര്യ: ഉള്ളാട്ടിൽ കുടുംബാംഗം ഗ്രേസി. മക്കൾ: സരിഗ, ശ്രുതി, റോസ്മി. മരുമക്കൾ: സന്തോഷ് ആര്യമണ്ണിൽ, ജിപ്സൺ എടാട്ടേൽ (ചെറുപാറ), അനീഷ് ഉറുമ്പുകാട്ടിൽ (വയനാട്).

ആയിഷ

പെരുമ്പടവ്: കല്ലടത്ത് മുസ്തഫയുടെ ഭാര്യ തട്ടിക്കൂട്ടി ആയിഷ (55) നിര്യാതയായി. മക്കൾ: റഫീക്ക് (മസ്ക്കറ്റ്), ലത്തീഫ്, റെയ്ഹാനത്ത്, റഷീദ് (ദുബായ്). മരുമക്കൾ: നിസാർ (ഷാലിമാർ ടെക്സ്റ്റയിൽസ്, തളിപ്പറമ്പ), റസിയാബി (തട്ടുമ്മൽ), സുഫൈയ്യ (വട്ടിയറ), മറിയം പി. (മൂന്നാംകുന്ന്), അഷ്റഫ് (പുളിങ്ങോം). സഹോദരങ്ങൾ: മഹമൂദ്, സിദിഖ്, അസീസ്, മുത്തലീഫ്, സയ്യിദ്.

ബഹ്റൈനിൽ മരിച്ചു

പെരുമ്പടവ്: ചപ്പാരപ്പടവ് പറക്കോട്ടെ പുതിയപുരയിൽ ബാബു (41) ബഹ്റൈനിൽ ഹൃദയാഘാതം മൂലം മരിച്ചു. ജുഫൈറിലെ ലൈറ്റ്ഹൗസ് അപ്പാർട്ട്മെന്റിൽ റിസപ്ഷനിസ്റ്റായിരുന്ന ബാബുവിനെ താമസസ്ഥലത്തുവെച്ച് ശനിയാഴ്ച നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പറക്കോട്ടെ തലക്കോട്ട് കുഞ്ഞമ്പുവിന്റെയും പരേതയായ പി.പി. കല്യാണിയുടെയും മകനാണ്. ഭാര്യ : സവിത (പനങ്ങാട്ടൂർ). മകൾ: നൈതിക. സഹോദരങ്ങൾ: ശശീന്ദ്രൻ (ബഹ്റൈൻ), സുലോചന, സുരേന്ദ്രൻ, രാജീവൻ, വിലാസിനി.

കനത്ത മഴയിൽ വീട് തകർന്നു

ആലക്കോട്: കനത്ത മഴയിലും കാറ്റിലും വീട് തകർന്ന് അര ലക്ഷത്തോളം രൂപയുടെ നാശനഷ്ടം നേരിട്ടു. എയ്യൻകല്ലിലെ പുതുവയലിൽ സരളയുടെ വീടാണ് തകർന്നത്. വീട് തകരുന്ന ശബ്ദംകേട്ട് വീടിനുള്ളിലുണ്ടായിരുന്നവർ ഓടിരക്ഷപ്പെട്ടതിനാലാണ് അപകടത്തിൽപ്പെടാതിരുന്നത്.

16 കുപ്പി മാഹി മദ്യവുമായി ഒരാൾ പിടിയിൽ

കണ്ണൂർ: 16 കുപ്പി മാഹി മദ്യവുമായി ഒരാളെ കണ്ണൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഇഫ്രാഹിമും സംഘവും പിടികൂടി. മാവിലായി മരത്തച്ചേരി കുന്നുമ്പ്രത്ത് താമസിക്കുന്ന രാജൻസിംഗാണ് പിടിയിലായത്. വെള്ളച്ചാലിൽ വെച്ചാണ് ഇയാളെ അറസ്റ്റ് ചെയ്തത്. പ്രിവന്റീവ് ഓഫീസർ ബി. നസീർ, സിവിൽ എക്സൈസ് ഓഫീസർമാരായ എൻ.ടി. ധ്രുവൻ, സി.എച്ച്. റിഷാദ്, എൻ.എ. രജിത്കുമാർ എന്നിവരും പ്രതിയെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 308 RNI Reg.No.KER MAL/2007/22043